പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3296 — 14.10.2011-ൽ മറുപടിയ്ക്ക്

താനൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ താനൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) | അവസാന ഘട്ടത്തിലാണ്. |
| (ബി) | ഇതിനകം മണ്ഡലത്തിൽ എത്ര വീടുകൾ വൈദ്യുതീകരിച്ചു ; | (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള തുക അടച്ചതിന് ശേഷം 448 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതിക്കായി ഇതിനകം മൊത്തം എത്ര രൂപ ചെലവഴിച്ചു ; ഇതിൽ സർക്കാർ വിഹിതം, എം. എൽ. എ. യുടെ പ്രാദേശിക വികസന ഫണ്ടിന്റെ വിഹിതം എന്നിവ എത്ര രൂപ വീതമാണ് ; | (സി) | ഇതിനകം 39.6707 ലക്ഷം രൂപ ചെലവഴിച്ചു.<br>ബോർഡ് വിഹിതം - 25.12 ലക്ഷം രൂപ.<br>എം.എൽ. എയുടെ പ്രാദേശിക ഫണ്ടിന്റെ വിഹിതം - 145507 ലക്ഷം രൂപ. |
| (ഡി) | പദ്ധതിക്കായി സുനാമി പുനരധിവാസ പദ്ധതി വിഹിതം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ യഥാക്രമം എത്ര രൂപ വീതം ലഭിച്ചു ; | (ഡി) | ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി സുനാമി പുനരധിവാസ പദ്ധതി വിഹിതവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ലഭിച്ചിട്ടില്ല. എന്നാൽ സുനാമി ഫണ്ട് ഉപയോഗിച്ച് നേരത്തെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ഇ) | പദ്ധതി ലക്ഷ്യമിട്ട വീടുകളിൽ വൈദ്യുതീകരണം പൂർത്തിയാക്കാൻ കഴിയാത്തവയായി ബാക്കിയുണ്ടോ ; | (ഇ) | ഉണ്ട്. അപേക്ഷ നൽകിയ 226 വീടുകൾക്ക് ഇനിയും കണക്ഷൻ നൽകുവാനുണ്ട്. ഇവ 31-10-2011 ന് |

| | | | |
|---|---|---|---|
| | എങ്കിൽ എത്ര വീടുകൾ ; ഇവ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ; | | പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (എഫ്) | താനൂർ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാൻ എന്നത്തേക്ക് കഴിയുമെന്ന് വ്യക്തമാക്കാമോ ? | (എഫ്) | ഒക്ടോബർ മാസം അവസാനത്തോടെ താനൂർ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.